GOVT. BRENNEN COLLEGE CENTRAL LIBRARY THALASSERY

**K16P 0249**

Reg. No.: ................................

Name : ....................................

# Fourth Semester M.A. Degree (Reg./Supple./Improve.) Examination, March 2016
# MALAYALAM LANGUAGE AND LITERATURE
## Paper – XIII : Kerala Culture
## (2013 and Earlier Admn.)

Time : 3 Hours　　　　Max. Marks : 80

I. ഏതെങ്കിലും **8 എണ്ണത്തിന്** ഉത്തരമെഴുതുക. **ഓരോന്നും രണ്ടു പേജിൽ** കവിയരുത്.

1) പ്രാചീനകാലത്ത് കേരളവും ഗ്രീസും തമ്മിലുണ്ടായിരുന്ന സമ്പർക്കത്തിന്റെ സ്വഭാവമെന്ത് ?

2) കേരളത്തിലെ ഗുഹാക്ഷേത്രങ്ങളെപ്പറ്റി ഹ്രസ്വ വിവരണം തയ്യാറാക്കുക.

3) കേരളത്തിൽ പോർച്ചുഗീസുകാരുടെ മതനയം സൃഷ്ടിച്ച പ്രത്യാഘാതങ്ങളെന്തെല്ലാം ?

4) ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രാരംഭകാല ചരിത്രം സംഗ്രഹിക്കുക.

5) വൈക്കം സത്യാഗ്രഹത്തിന് സാമൂഹിക പരിഷ്കരണ പ്രസ്ഥാനത്തിലുള്ള സ്ഥാനം എന്ത് ?

6) രവിവർമ ചിത്രങ്ങൾക്ക് ഒരാമുഖം തയ്യാറാക്കുക.

7) മാമാങ്കത്തിന്റെ ചരിത്രസാംസ്കാരിക പ്രാധാന്യം വെളിവാക്കുക.

8) വിദേശാധിപത്യത്തിനെതിരെയുള്ള നീക്കങ്ങളാണ് പഴശ്ശിരാജാവിനെ വീരപുരുഷനാക്കുന്നത് – വിവരിക്കുക.

9) മലബാർ കലാപത്തെക്കുറിച്ചുണ്ടായ വ്യത്യസ്ത വാദമുഖങ്ങൾ പരിശോധിക്കുക.

10) കേരളത്തിലെ ആധ്യാത്മിക നവോത്ഥാനത്തിന് ബ്രഹ്മസമാജവും ആര്യസമാജവും വഹിച്ച പങ്കെന്ത് ?

P.T.O.

11) കേരളത്തിന്റെ സാംസ്കാരിക ഉന്നതിക്ക് സർവകലാശാലകൾ വഹിക്കുന്ന പങ്കെന്ത് ?

12) പ്രവാസികൾ കേരളത്തിന്റെ സമ്പദ്വ്യവസ്ഥയിൽ ചെലുത്തുന്ന സ്വാധീനം ഗുണപരമോ ?

**(8×4=32)**

II. എ, ബി, സി വിഭാഗങ്ങളിൽ **ഓരോന്നിൽ** നിന്നും **രണ്ടെണ്ണത്തിനു** വീതം ഉത്തരമെഴുതുക. ഓരോന്നും **4** പേജിൽ കവിയരുത്.

എ – വിഭാഗം

1) 'വസ്തുനിഷ്ഠമായ ഒരു കേരള സംസ്കാരചരിത്രം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു' – ചരിത്രരചനയിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മുൻനിർത്തി നിരൂപിക്കുക.

2) സംഘകാലത്തെ സാമൂഹികജീവിതം എപ്രകാരമായിരുന്നുവെന്ന് പരിശോധിക്കുക.

3) കേരളത്തിൽ ജന്മിസമ്പ്രദായം ആവിർഭവിക്കുന്നതിനിടയാക്കിയ സാമൂഹികരാഷ്ട്രീയ സാഹചര്യങ്ങൾ വിവരിക്കുക.

ബി – വിഭാഗം

4) ആധുനിക ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ഫലമായി കേരളത്തിലുണ്ടായ നവോത്ഥാനത്തിന്റെ സ്വഭാവം പരിശോധിക്കുക.

5) കേരളത്തിൽ പോർച്ചുഗീസുകാരും ഡച്ചുകാരും ചെലുത്തിയ സ്വാധീനതയുടെ സവിശേഷതകൾ താരതമ്യപ്പെടുത്തി വിലയിരുത്തുക.

6) 'കേരളത്തിൽ മൈസൂർ നടത്തിയ ആക്രമണങ്ങൾക്ക് രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായി പ്രാധാന്യമർഹിക്കുന്ന ഫലങ്ങളുണ്ടായി' – വിശദീകരിക്കുക.

സി – വിഭാഗം

7) കേരളത്തിന്റെ സാംസ്കാരിക ജീവിതത്തിൽ ആധുനിക മതപ്രസ്ഥാനങ്ങൾ സൃഷ്ടിച്ച ചലനങ്ങൾ വിലയിരുത്തുക.

8) വാസ്തുവിദ്യാപാരമ്പര്യത്തിന് കേരളം നൽകിയ സംഭാവനകളെന്തെല്ലാം ?

9) സമകാല കേരളത്തിലെ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്കെന്ത് ?

**(6×8=48)**